HLM-0088

The Heavenly Light Ministry

സർവ്വലോകവും സൃഷ്ടി ജാലവും
സർവദാ വാഴ്ത്തും സ്നേഹരൂപനാം
സത്യദൈവത്തിൻ ഏക നിത്യപുത്രനാം
ക്രിസ്തുയേശുവെൻ രക്ഷാദായകൻ

ഞാൻ വിശ്വസിക്കുന്നു
ഞാൻ ആരാധിക്കുന്നു
ഞാൻ ആശ്രയിക്കുന്നു
എൻ രക്ഷിതാവിങ്കൽ

1. സമൃദ്ധമാം ജീവനെന്നിൽ പകർന്നീടുവാൻ
ഉയിർത്തന്നു വീണ്ടെടുത്തു തിരുസ്നേഹത്താൽ
എന്റെ പാപശാപമെല്ലാം താൻ വഹിച്ചതാൽ
തന്നടിപ്പിണരെനിക്കു സൗഖ്യദായകം
ഞാൻ വിശ്വസിക്കുന്നു

2. യേശുവല്ലാതില്ലിഹത്തിൽ ആത്മരക്ഷകൻ
നീതിയിൻ കൃപാസനത്തിലേക മദ്ധ്യസ്ഥൻ
നിത്യജീവദായകനാം സത്യമാർഗ്ഗം താൻ
കുഞ്ഞാടുകൾക്ക് സ്നേഹമേകും നല്ലിടയൻ താൻ

ഞാൻ വിശ്വസിക്കുന്നു

3. ശാശ്വതമാം തൻകൃപയിൽ ആനന്ദിക്കും ഞാൻ
രക്ഷയേകും ദിവ്യപാത പിൻതുടരും ഞാൻ
ജ്ഞാനമേകും തൻ വചനം
അനുസരിക്കും ഞാൻ
ശ്രേഷ്ഠമാം തൻ മാതൃകകൾ
അനുകരിക്കും ഞാൻ
ഞാൻ വിശ്വസിക്കുന്നു